നമ്പർ.ജി(1)47030/09

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 30.11.2009

**സർക്കുലർ നമ്പർ. 57/09**

വിഷയം : സഹകരണ വകുപ്പ് – ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ – സഹകരണ സ്ഥാപനങ്ങൾക്ക് പങ്കെടുക്കുവാൻ അനുവാദംനൽകുന്നത് സംബന്ധിച്ച്.

സൂചന : 1. സർക്കാരിന്റെ 30.07.2009 ലെ ജി.ഒ(ആർ.റ്റി)നം.278/09 പ്ലാനിംഗ് ഉത്തരവ്.
2. ഗവൺമെന്റ് സെക്രട്ടറിയുടെ 06.11.2009 – ലെ 11074/എ3/09/ സഹ നമ്പർ കത്ത്.

സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ 2009–2010 വർഷം നടത്തുന്ന ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ വൻവിജയമാക്കുവാൻ സംസ്ഥാനത്തെ എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളേയും പങ്കെടുക്കുവാൻ അനുവദിച്ചുകൊണ്ട്, സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മെച്ചപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ വളരെയധികം ഉത്പന്നങ്ങൾ സംസ്ഥാനത്തുടനീളം വിൽപ്പന കേന്ദ്രങ്ങളിലൂടെ നല്ല രീതിയിൽ വിൽപ്പന നടത്തി വരുന്നുണ്ട്. അധിക വ്യയം ഉണ്ടാകാത്ത വിധത്തിൽ സഹകരണ സ്ഥാപനങ്ങളെക്കൂടി ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവലിൽ പങ്കെടുക്കുവാൻ അനുവാദം നൽകുവാൻ സൂചന (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളേയും അധിക വ്യയം ഉണ്ടാകാത്ത വിധത്തിൽ ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവലിൽ പങ്കെടുക്കുവാൻ ഇതിനാൽ അനുവാദം നൽകുന്നു.

ഇക്കാര്യം ജില്ലയിലെ സഹകരണ സംഘങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ അതാതു ജോയിന്റ് രജിസ്ട്രാർമാർ ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
റാണി ജോർജ്ജ്.ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :
1. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ
സംസ്ഥാന സഹകരണ ബാങ്ക്.
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ
സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്.
3. പ്രസിഡന്റ്/ജനറൽ മാനേജർ,
ജില്ലാ സഹകരണ ബാങ്കുകൾ.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ & ആഡിറ്റ്)
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ & ആഡിറ്റ്)മാർക്കും
(ജോയിന്റ് രജിസ്ട്രാർ മുഖേന)
6. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും
(ജോയിന്റ് രജിസ്ട്രാർ മുഖേന)
7. ഡയറക്ടർ, ഇൻഫർമേഷൻപബ്ലിക്റിലേഷൻസ് ഡിപ്പാർട്ടുമെന്റ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ് (ഉപരി പത്രം സഹിതം)
8. എഡിറ്റർ, സഹകരണ വീഥി
9. എഡിറ്റർ, സഹകരണ ജേർണൽ,
സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
10. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)